ആവശ്യമായിവരികയും ചെയ്യുന്ന അവസര എന്നിവ കാരണം പ്രവൃത്തി നീണ്ടുപോകുന്നതിനുള്ള സാധ്യതയുള്ളതിനാൽ ടെണ്ടർ റദ്ദ് ചെയ്തിരിക്കുകയാണ്. കേരള വാട്ടർ അതോറിറ്റിയുടെ ഡിസൈൻ വിഭാഗമായ WASCON തയ്യാറാക്കിയിട്ടുള്ള പരിസ്ഥിതി പഠനത്തിനനുസരിച്ച് തടയണയുടെ രൂപകൽപ്പന നടത്തി വിശദമായ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി ഉടനടി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥിരം തടയണ നിർമ്മാണം പൂർത്തിയാകുന്നതുവരെ ജലസംഭരണത്തിനായി താൽക്കാലിക തടയണ അത്യാവശ്യമായതിനാൽ എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടാണ് താൽക്കാലിക തടയണ നിർമ്മിക്കാറുള്ളത്. ഇതുമൂലം സർക്കാർ പണം ദുരുപയോഗം ചെയ്യുന്നില്ല.

(ബി) കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിനുകീഴിലുള്ള വളരെ പ്രാധാന്യമുള്ള ഏഴിമല നേവൽ അക്കാദമിക്കാവശ്യമായ തോതിൽ കുടിവെള്ളം വിതരണം ചെയ്യേണ്ടതിനാലും വേനൽക്കാലങ്ങളിൽ കാര്യങ്കോട് പുഴയിൽ ആവശ്യമായ ജലം ലഭ്യമാകാത്ത സാഹചര്യത്തിലുമാണ് എല്ലാ വർഷങ്ങളിലും താൽക്കാലിക തടയണ നിർമ്മിക്കുന്നത്. പാരിസ്ഥിതിക പ്രശ്നങ്ങൾ ഒരു പരിധിവരെ ഒഴിവാക്കുന്നതിന് പ്ലാസ്റ്റിക് ചാക്കിൽ മണ്ണ് നിറച്ച് താൽക്കാലിക തടയണ നിർമ്മിക്കുന്നത് മാറ്റി, കല്ലും മണ്ണും മാത്രം ഉപയോഗിച്ചുള്ള നിർമ്മാണ രീതിയാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. സ്ഥിരമായ തടയണയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതുവരെ മാത്രമേ താൽക്കാലിക തടയണ നിർമ്മിക്കുകയുള്ളൂ.

കുറ്റ്യാടി ഇറിഗേഷൻ പദ്ധതി

162(862) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിക്കുവേണ്ടി സർക്കാർ ഏറ്റെടുത്ത സ്ഥലങ്ങളുടെ പ്രമാണങ്ങൾ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളത് എന്നും അവയുടെ കസ്റ്റോഡിയൻ ആരെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി ഏറ്റെടുത്ത സ്ഥലങ്ങൾ കൃത്യമായി അതിര് സ്ഥാപിച്ച് കൈവശം വെച്ചു വരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കുറ്റ്യാടി ജലസേചന പദ്ധതിക്കുവേണ്ടി സർക്കാർ ഏറ്റെടുത്ത സ്ഥലങ്ങളുടെ പ്രമാണങ്ങൾ സൂക്ഷിക്കുന്നത് പേരാമ്പ്ര എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. (കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട് ഡിവിഷൻ (കെ.വൈ.എ.പി.))

GPM. 2/238/2020-31

LIBRARY ARCHIVES Kerala Legislative Assembly

ടി പദ്ധതിക്കുവേണ്ടി ഏറ്റെടുത്ത സ്ഥലങ്ങളുടെ അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നിരുന്നാലും കാലപ്പഴക്കം കാരണം പലഭാഗത്തും കല്ലുകൾ നഷ്ടപ്പെട്ടുപോയിട്ടുണ്ട്. ആയതിനാൽ പദ്ധതിക്കുവേണ്ടി അക്വയർ ചെയ്ത സ്ഥലത്തിന്റെ സർവ്വേ നടത്തി അതിർത്തി പുനർനിർണ്ണയിക്കുന്നതിന് ജില്ലാകളക്ടർക്ക് കത്ത് നൽകുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

അണക്കെട്ട് പുതുക്കിപ്പണിയുന്നതിന് നടപടി

163(863) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ പടന്ന ഇടച്ചാക്കൈ അണക്കെട്ട് പുതുക്കിപ്പണിയുന്ന പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇത് എന്നാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ പടന്ന ഇടച്ചാക്കൈ അണക്കെട്ട് പുതുക്കിപ്പണിയുന്നതിന് ജി.ഒ.(എം.എസ്.)നമ്പർ 3/16/ജി.എൽ.ജി. തീയതി 14-1-2016 പ്രകാരം 192 ലക്ഷം രൂപയുടെ ഭരണാനുമതി കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാര്യങ്കോട് പുഴയ്ക്ക് കുറുകെയുള്ള വി.സി.ബി.

164(864) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ചെറുപുഴ പഞ്ചായത്തിൽ കാര്യങ്കോട് പുഴയ്ക്ക് കുറുകെ അനുവദിച്ച വി.സി.ബി.-യുടെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ ചെറുപുഴ പഞ്ചായത്തിൽ കാര്യങ്കോട് പുഴയ്ക്ക് കുറുകെ അനുവദിച്ച വി.സി.ബി.-യുടെ നിർമ്മാണ പ്രവൃത്തിയുടെ 45% പൂർത്തീകരിച്ചു. ഇപ്പോൾ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.

(ബി) 31-5-2016-ൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly